# ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റ്
## ആറ്റുകാൽ, തിരുവനന്തപുരം

നമ്പർ ഇ3/1362/2021/എബിറ്റിറ്റി/1469 തീയതി : 19.11.2021

## ക്വട്ടേഷൻ പരസ്യം

വിഷയം: 2022–ാം ആണ്ടത്തെ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് ദേവി ആഡിറ്റോറിയത്തിൽ വച്ച് മെസ്സ് നടത്തുന്നതിനുള്ള ഭക്ഷണസാധനങ്ങൾ പാചകം ചെയ്തത് വിളമ്പുന്നതു സംബന്ധിച്ച്.

ആറ്റുകാൽ ഭഗവതി ക്ഷേത്രം 2022–ാം ആണ്ടത്തെ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് ഫെബ്രുവരി മാസം 9–ാം തീയതി മുതൽ 18–ാം തീയതി വരെയുള്ള ദിവസങ്ങളിൽ ഭക്ഷണം പാചകം ചെയ്തത് വിളമ്പി കൊടുക്കുന്നതിന് മുൻപരിചയമുള്ള വ്യക്തികളിൽ നിന്നും മുദ്രവച്ച മത്സരസ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

1. 2022 ഫെബ്രുവരി 9–ാം തീയതി മുതൽ 18–ാം തീയതി വരെ ഉച്ചയ്ക്ക് 12 മണി മുതലും, ഫെബ്രുവരി 17–ാം തീയതി രാത്രിയിലും മെസ്സിലേയ്ക്ക് വേണ്ടി 100 കിലോഗ്രാം അരിയുടെ ചോറും അതിലേയ്ക്കാവശ്യമായ കറികളും (പരിപ്പ്, സാമ്പാർ, വറുത്തെരുശ്ശേരി, അവിയൽ, തോരൻ, തീയൽ, കിച്ചടി, അച്ചാർ, രസം, മോര്, പുളിശ്ശേരി, തൊട്ടു കറി, പർപ്പടകം മുതലായവ), കരിങ്ങാലി വെള്ളം എന്നിവ വിളമ്പുന്നതിനുള്ള കൂലി.

2. മേൽ പറഞ്ഞിരിക്കുന്നതായ ഭക്ഷണത്തോടൊപ്പം പായസം കൂടി വിളമ്പുന്നതിനുള്ള കൂലി.

3. 2022 ഫെബ്രുവരി 9–ാം തീയതി മുതൽ 18–ാം തീയതി വരെ രാവിലെയും, ഫെബ്രുവരി 9–ാം തീയതി മുതൽ 16–ാം തീയതി വരെ രാത്രിയിലും കാപ്പി സദ്യ നടത്തുന്നതിന് വേണ്ടി ഓരോ ദിവസവും ഒരു നേരത്തേയ്ക്ക് 10 കിലോഗ്രാം അരിയും, അതിനാവശ്യമായ ഉഴുന്നും കൂട്ടിച്ചേർത്ത് ആട്ടി കിട്ടുന്ന മാവിന്റെ ദോശ/ഇഡ്ഡലി, 10 കിലോഗ്രാം മാവിന്റെ അപ്പം/ഇടിയപ്പം/ചപ്പാത്തി/ ബറോട്ട/പൂരി/വീശപ്പം/ഊത്തപ്പം/ പുലാവ്/ഉപ്പുമാവ് (ബോംബെ റവ) ഇതിനാവശ്യമായ കറി, ചായ, കാപ്പി, കരിങ്ങാലി വെള്ളം എന്നിവ വിളമ്പുന്നതിനുള്ള കൂലി.

4. 2022 ഫെബ്രുവരി 9–ാം തീയതി മുതൽ 16 –ാം തീയതി വരെ വൈകുന്നേരം 4.00 മണി മുതൽ ചായയും, പലഹാരവും വിളമ്പുന്നതിനുള്ള കൂലി.

5. 2022 ഫെബ്രുവരി 18–ാം തീയതി രാത്രിയിൽ സ്പെഷ്യൽ കാപ്പി സദ്യ വിളമ്പുന്നതിനുള്ള കൂലി (ഏകദേശം 250 പേർക്ക്).

പൂർണ്ണ വിവരങ്ങൾ അടങ്ങിയ ക്വട്ടേഷനുകൾ വെള്ളക്കടലാസിൽ എഴുതി കവറിൽ അടക്കം ചെയ്ത് മുദ്രവച്ച് **29.11.2021 തിങ്കളാഴ്ച വൈകുന്നേരം 3.00 മണിക്കകം ട്രസ്റ്റ് ഓഫീസിൽ ലഭിച്ചിരിക്കേണ്ടതും അന്നു വൈകുന്നേരം 4.00 മണിക്ക്** അപ്പോൾ ഹാജരുള്ള ക്വട്ടേഷൻകാരുടെ സാന്നിദ്ധ്യത്തിൽ പരസ്യമായി പൊട്ടിക്കുന്നതുമാണ്. ക്വട്ടേഷനോടൊപ്പം **5,000/-** (അയ്യായിരം) രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് ഏതെങ്കിലും ഒരു ഷെഡ്യൂൾഡ് ബാങ്കിൽ നിന്നും ട്രസ്റ്റ് സെക്രട്ടറിയുടെ പേരിൽ വാങ്ങി നിരതദ്രവ്യമായി അടക്കം ചെയ്തിരിക്കേണ്ടതാണ്. ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തി 200/- (ഇരുന്നൂറ്) രൂപയുടെ മുദ്രപത്രത്തിൽ ട്രസ്റ്റ് നിബന്ധനകൾ ഉൾക്കൊള്ളിച്ച് ഒരു എഗ്രിമെന്റും **5,000/-** (അയ്യായിരം) രൂപയുടെ

ഡിപ്പോസിറ്റും വയ്ക്കേണ്ടതാണ്. ക്വട്ടേഷൻ ലഭിക്കുന്ന വ്യക്തിക്ക് ഭക്ഷണം വിളമ്പുന്നതിന് കുറഞ്ഞത് 5 വർഷത്തെയെങ്കിലും മുൻപരിചയം ഉണ്ടായിരിക്കേണ്ടതാണ്. ആധാർ കാർഡ്, പാൻ കാർഡ്, ബാങ്ക് പാസ്സ് ബുക്കിന്റെ മുൻ പേജ് എന്നിവയുടെ പകർപ്പ് ക്വട്ടേഷനോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്. വിളമ്പിന് നിയോഗിക്കുന്ന ആളുകൾ ശുദ്ധിയും, വൃത്തിയുമുള്ളവരും, വിളമ്പുന്ന സമയത്ത് പുകവലിക്കുക, മുറുക്കുക (വെറ്റില), മൂക്കുപൊടി വലിക്കുക, മദ്യപിക്കുക എന്നിവ കർശനമായി ചെയ്യാൻ പാടില്ലാത്തതുമാകുന്നു. ഭക്ഷണ സാധനങ്ങൾ മെസ്സ് കൺവീനറുടെ നിർദ്ദേശാനുസരണം വിളമ്പേണ്ടതും, ക്ഷേത്ര മര്യാദകളും, ആചാരങ്ങളും കോവിഡ് പ്രോട്ടോകോളും പൂർണ്ണമായും പാലിക്കേണ്ടതുമാണ്. , കുറഞ്ഞത് 25 (ഇരുപത്തിയഞ്ച്) ആളുകളെങ്കിലും വിളമ്പുന്നതിന് ഉണ്ടായിരിക്കണം. വിളമ്പാൻ വരുന്നവർ കോവിഡ് വാക്സിൻ 2 എണ്ണം എടുത്തതിന്റെ സർട്ടിഫിക്കറ്റിന്റെ പകർപ്പ് (എല്ലാപേരുടെയും) കൺവീനർക്ക് നൽകേണ്ടതാണ്. വിളമ്പുന്നതിന് ഒരാളിന്റെ നിരക്ക് പ്രത്യേകിച്ച് രേഖപ്പെടുത്തണം. വിളമ്പുന്നതിന് നിയോഗിക്കുന്ന ആളുകളുടെ ആധാർ കാർഡിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്. കവറിന് പുറത്ത് **ആഹാരം പാചകം ചെയ്തത് വിളമ്പുന്നതിനുള്ള ക്വട്ടേഷൻ** എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. ക്വട്ടേഷനുകൾ യാതൊരു കാരണവും കൂടാതെ നിരസിക്കുന്നതിനും, ക്വട്ടേഷൻ പൊട്ടിക്കുന്ന സമയത്തോ അതിനു ശേഷമോ യാതൊരു മുന്നറിയിപ്പും കൂടാതെ ക്വട്ടേഷൻ നിരസിക്കുന്നതിനും, റദ്ദാക്കുന്നതിനും മാറ്റം വരുത്തുന്നതിനുമുള്ള എല്ലാ അധികാരങ്ങളും ട്രസ്റ്റ് സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കും. കൂടാതെ ട്രസ്റ്റിൽ നിലവിലുള്ള ക്വട്ടേഷൻ നിബന്ധനകൾ ഇതിനും ബാധകമായിരിക്കും.

ആറ്റുകാൽ ഭഗവതി ക്ഷേത്രം ട്രസ്റ്റിനുവേണ്ടി

സെക്രട്ടറി

നോട്ടീസ് ബോർഡ്: 1. ക്ഷേത്രം
2. ഓഫീസ്
3. വെബ് സൈറ്റ്

പകർപ്പ്: 1. പ്രസിഡന്റ്, എബിറ്റിറ്റി
2 ജനറൽ കൺവീനർ, പൊങ്കാല മഹോത്സവം-2022
3. ജോയിന്റ് ജനറൽ കൺവീനർ, പൊങ്കാല മഹോത്സവം-2022
4. കൺവീനർ, മെസ്സ് കമ്മിറ്റി, പൊങ്കാല മഹോത്സവം-2022
5. ഫയൽ

sr